# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 5035

27.06.2019-ൽ
മറുപടിയ്ക്ക്

## നാം മുന്നോട്ട് പ്രോഗ്രാം

ചോദ്യം
ശ്രീ. ഷാഫി പറമ്പിൽ

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ സംവാദ ടെലിവിഷൻ പരിപാടിയായ നാം മുന്നോട്ട് എന്ന പ്രോഗ്രാമിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ നിർമ്മാണച്ചുമതല സി-ഡിറ്റിന് ആയിരുന്നുവോ;

(സി) സർക്കാർ സ്ഥാപനമായ സി-ഡിറ്റിനെ മാറ്റി കൈരളി ചാനലിനെ നിർമ്മാണം ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ്; ഒരു എപ്പിസോഡ് നിർമ്മിക്കുന്നതിന് കൈരളി ചാനലിന് എന്ത് തുകയാണ് നൽകേണ്ടത് ?

(എ) നാം മുന്നോട്ട് പ്രോഗ്രാമിനായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) & (സി) അല്ല. നാം മുന്നോട്ട് പരിപാടിയുടെ നിർമ്മാണം പൂർണ്ണമായും വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ ചുമതലയിലാണ് നടത്തി വരുന്നത്. പ്രസ്തുത പരിപാടിയുടെ സാങ്കേതിക സൗകര്യം ഒരുക്കിയിരുന്നത് സി-ഡിറ്റായിരുന്നു. സി-ഡിറ്റ് ഷൂട്ടിംഗ് നിർവ്വഹിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തൽസമയ സംപ്രേക്ഷണം എല്ലാ ദിവസം ഉള്ളതിനാൽ അതിനനുസൃതമായി നാം മുന്നോട്ടിന്റെ ഷൂട്ടിംഗ് ക്രമീകരിക്കേണ്ട സാഹചര്യമുണ്ടായി. ഈ സാഹചര്യത്തിൽ പരിപാടിയിൽ ക്ഷണിക്കുന്ന അതിഥികൾക്ക് കൂടി സൗകര്യപ്രദമാകും വിധം നഗര പരിധിയിൽ ഷൂട്ടിംഗ് ഫ്ലോറും, ചിത്രീകരണ സംവിധാനവും പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യവുമുള്ള ടെലിവിഷൻ ചാനലുകൾ,പ്രൊഡക്ഷൻ ഹൗസുകൾ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുകയും, ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ സാങ്കേതിക സഹായം ഉപയോഗിച്ച് വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പൂർണ്ണ ചുമതലയിൽ നാം മുന്നോട്ട്

പരിപാടിനിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഒരു എപ്പിസോഡിന് 2,32,000/- രൂപ+ ജി.എസ്.ടി. എന്ന നിരക്കിലാണ് ഇതിന്റെ പ്രതിഫലം മലയാളം കമ്മ്യൂണിക്കേഷൻസിനു നൽകേണ്ടത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## നാം മുന്നോട്ട് പരിപാടിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

**Production Cost**

| Sl. No. | Order No. | Particulars | Amount (Rs) | Financial Year |
|---|---|---|---|---|
| 1 | G.O. (Rt) No. 131/2017/I&PR dated 29.03.2017 | Production cost (C-DIT) April 2016 to July 2017 | 45,81,026.00 | 2016-17 & 2017-18 |
| 2 | Proceedings No. 18930/E1/2017/I&PR dated 07.03.2018 | Production cost (August 2017 to March 2018) - 50% Advance of Estimate Amount | 39,36,750.00 | 2017-18 |
| 3 | Proceedings No. 18930/E1/2017/I&PR dated 26.03.2018 | Production cost (April 2016 to July 2017) | 10,26,679.00 | 2016-17 & 2017-18 |
| 4 | Proceedings No. 18930/E1/2017/I&PR dated 26.03.2018 | Production cost (August 2017 to February 2018) | 46,03,286.00 | 2017-18 |
| 5 | Proceedings No. 3285/E1/2017/I&PR dated 31.08.2018 | Production cost & Rent for Shooting floor (March 2018) | 28,10,657.00 | 2018-19 |
| 6 | Proceedings No. 3285/E1/2017/I&PR dated 26.12.2018 | Production cost C-DIT (01.04.2018 to 30.09.2018) | 90,65,808.00 | 2018-19 |
| 7 | Proceedings No. E1/21/2019/I&PR dt 31/05/2019, 11/06/2019 | Production Cost (01/10/2018 to 31/01/2019) | 6157894.00 | 2018-19 |
| | | **TOTAL** | **3,21,82,100.00** | |